:

## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2222 — 10.10.2011 ൽ മറുപടിക്ക്

### അനധികൃത സ്കൂൾ വാഹനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.റ്റി. എൻ. പ്രതാപൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) സ്കൂൾ കുട്ടികളെ അനധികൃത വാഹനങ്ങളിൽ അയയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) എങ്കിൽ ഇതിനെതിരെ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;<br>(സി) ഇതു സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി & സി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ബസ്സുകൾ പാലിക്കേണ്ടതായിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യം ഉറപ്പു വരുത്തുന്നതിനായി മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. 23.12.2003 ലെയും 9.6.2010 ലെയും സംസ്ഥാന ട്രാൻസ്പോർട്ട് അതോറിറ്റിയുടെ തീരുമാനങ്ങൾ ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പാക്കുന്നുണ്ടോ എന്നു ഉറപ്പു വരുത്താൻ ആർക്കാണ് ചുമതല നൽകിയിരിക്കുന്നത്? | (ഡി) ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, ആർ.ടി.ഒ., ജോയിന്റ് ആർ.ടി.ഒ എന്നിവർക്കാണ് ചുമതല നൽകിയിരിക്കുന്നത്. കൂടാതെ പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും നടപ്പിൽവരുത്തുന്നതിനുമായി എല്ലാ ജില്ലാ കളക്ടർമാർക്കും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന സംയുക്ത എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ